സ്കൾ വിവരങ്ങൾ

1, റവന്യൂ ജില്ല -എറണാകുളംജില്ല

2. സ്കൂൾ കോഡ് -26441

3. സ്കൂളിന്റെ പേര് -സെന്റ് ഫ്രാൻസ് യുപി സ്കൂൾ ആമ്പല്ലൂർ

4. മേൽവിലാസം -സെന്റ് ഫ്രാൻസ് യുപി സ്കൂൾ ആമ്പല്ലൂർ

എറണാകുളംജില്ല

5. പിൻകോഡ്- 682315

6. ഫോൺ നമ്പർ -9447856351

7. ഇ-മെയിൽ അഡ്രസ് -st.francisupschool@gmail.com

8. ഗ്രാമ പഞ്ചായത്ത് : ആമ്പല്ലൂർഗ്രാമ പഞ്ചായത്ത്

9, വിദ്യാഭ്യാസ ജില്ല -എറണാകുളംജില്ല

10.സബ്ജില്ല -തൃപ്പൂണിത്തുറ ഉപജില്ല

എറണാകുളംജില്ല യുടെ ഏകദേശം തെക്കെ അറ്റത്തായി സ്ഥിതിചെയ്യുന്നആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലാണ് സെന്റ് ഫ്രാൻസ് യുപി സ്കൂൾ ആമ്പല്ലൂർ. പാഠ്യ പാഠ്യേതര രംഗത്ത് ജില്ല തലത്തിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂളാണിത്. ജില്ല തലങ്ങളിൽ വിവിധ സ്കോളർഷിപ്പ് മത്സരപരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിന് കഴിയുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിരംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികൾക്കായി കരാട്ടേ, football പരിശീലനങ്ങളിലൂടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധത്തിനും സാധിക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങ ളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൌൺസിലിംഗ് നൽകി പഠനത്തിന് സാഹച ര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനു സരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരു ത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ. യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ,

ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവരുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴി യുന്നു. കൂടാതെ ഹരിതഭംഗിയാർന്ന, ജൈവസമ്പന്നതയിൽ അലങ്കൃതമായസ്കൂൾ ക്യാമ്പസ് ശിശു സൌഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. "സ്കൂൾ തന്നെ പാഠപുസ്തകമാ" എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു.

സ്കൂളിന്റെ അക്കാദമിക നിലവാരനിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാ ഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങ ളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

സ്കൂൾ രൂപംകൊടുത്ത വികസന സെമിനാറിലെ ലക്ഷ്യങ്ങൾ കൂടി സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളായി ഈ അക്കാദമിക മാസ്റ്റർപ്ലാൻ മാറു മെന്നും പ്രതീക്ഷിക്കാം. പൊതുവിദ്യാലയത്തിന്റെ മികവുകൾ സമൂഹമധ്യത്തിലെത്തിക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ "ഹരിത വിദ്യാലയം" പരിപാടിയിൽ പങ്കെ ടുത്ത് സ്കൂളിന്റെ മികവുകൾ അവതരിപ്പിക്കാനും ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട് എന്ന് സന്തോഷപൂർവം അറിയിക്കട്ടെ.

<u>അക്കാദമികം നേട്ടങ്ങൾ</u>

തൃപ്പൂണിത്തുറ സബ് ജില്ലയിൽ ഏറ്റവും കൂടുതൽ എൽഎസ്എസ് ,uss,sanskrit സ്കോളർഷിപ്പ് തുടങ്ങിയ വിജയങ്ങൾ ഞങ്ങളുടെ സ്കൂളിലെ കരുന്നുകൾക്ക് സാധിക്കുക എന്നത് അക്കാദമികവിന്റെ ഏറ്റവും വലിയ തെളിവാണ്.

<u>അക്കാദമികം പരിമിതികൾ</u>

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ മികച്ച വിജയം നേടുന്നു. എങ്കിലും എല്ലാ ക്ലാസ്സ്റൂമുകളും ഹൈടെക് നിലവാര ത്തിലേക്കുയർന്നില്ല എന്നത് പരിമിതിയാണ്. ഈ മാസം 3 ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിലെത്തുമെങ്കിലും ബാക്കിയുള്ള ക്ലാസ്സ്റൂമുകളും കൂടി ഈ നിലവാരത്തിലെത്തുമെങ്കിലും ബാക്കിയുള്ള ക്ലാസ്സ്റൂമുകളും കൂടി ഈ അവസ്ഥ യിലെത്തേണ്ടതുണ്ട്. പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയിലൂടെയും പി.ടി.എ. സഹകര ണത്തോടെയും ചില ക്ലാസ് മുറികൾ ടൈൽസ് പാകി ഒരുക്കാൻ കഴിഞ്ഞെങ്കിലും മറ്റ് ക്ലാസ് മുറികൾ കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഗണിതലാബ്, സാമൂഹ്യ ശാസ്ത്രം ലാബ് എന്നിവ പ്രത്യേകമായില്ല, അതുപോലെ ശാസ്ത്രലാബ് ഉണ്ടെങ്കിലും പ്രത്യേകമായി ഇല്ല എന്നുള്ളതും പരിമിതിയാണ്. പ്രവർത്തിച്ച് പഠിക്കു ക, അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണമായ അർത്ഥത്തിൽ സാർത്ഥമാക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൌകര്യം ഉണ്ടാവേ ണ്ടതുണ്ട്. ഹയർസെക്കന്ററി തലത്തിലും ലാബ് സൌകര്യങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്.

<u>ഭൗതികം നേട്ടങ്ങൾ</u>

നിലവിൽ 5 ക്ലാസ്സ്മുറികൾ ടൈൽ പാകി മോടിപിടിപ്പിച്ചു. ഈ ക്ലാസ്സ് മുറി കളിൽ ഈ മാസം തന്നെ ഹൈടെക് സംവിധാനമൊരുക്കുന്നതിനായി ലാപ്ടോപ്പ്, പ്രൊജക്ടർ തുടങ്ങിയവ ലഭ്യമാകും.

കുട്ടികൾക്ക് വായനക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ ഒരുക്കിയിട്ടുണ്ട്.

11 കമ്പ്യൂട്ടറുകളുള്ള [1.5.ഐ.ടി.ലാബ് സ്കൂളിന്റെ മറ്റൊരു BVO നേട്ടമാണ്. നല്ല നിലയിൽ പരീക്ഷണങ്ങൾ ചെയ്യാനുതകുന്ന ശാസ്ത്രലാ ബുകൾ സ്കൂളിന്റെ മറ്റൊരു നേട്ടമാണ്.

300 ഇരിക്കാവുന്ന വിശാലമായ ഓപ്പൺ ഓഡിറ്റോറിയം സ്കൂളുകൾക്ക് തന്നെ മാതൃകയാണ്. ഈ ഓഡിറ്റോറിയം പൂർണ്ണമായും ടൈൽ പാകി സജ്ജീകരിക്കാൻ കഴിഞ്ഞതും വലിയ മികവാണ്.

<u>സാമൂഹികം നേട്ടങ്ങൾ</u>

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമൂ ഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, (Salle നിയന്ത്രണം, വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ ഇടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തു കയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്. പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊ ണ്ടും പഠനസമയം കൂടുതൽ നഷ്ട പ്പെടുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാ നുള്ള പരിമിതി ഉ ~.

അക്കാദമിക മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം

2. ഗണിത ശേഷി വികസനം

3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ

4. വായനാ ശേഷി വർദ്ധിപ്പിക്കൽ

5. ശാസ്ത്രപോഷണ പരിപാടി

6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & ss 7, പ്രതിഭാപോഷണ പരിപാടി

8. ലൈബ്രറി ശാക്തീകരണം

9. ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ

10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

11. പഠനയാത്രകൾ

12. സ്കൂൾ പത്രം, മാസിക

13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം

14. പ്രവൃത്തി പരിചയ പരിശീലനം

15. കലാപരിപോഷണം

16. പച്ചക്കറിത്തോട്ടം

12. സാഹിത്യ ശില്പശാലകൾ

18. മെഡിക്കൽ ക്യാമ്പുകൾ

19. രക്തഗ്രൂപ്പ് നിർണയം

20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ 21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ

22. ഭാഷാ ലാബ്

23. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ

24. ഗവേഷണാത്മക പഠനം.

25. കായികശേഷി വികസനം

26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

27. ചോദ്യപേപ്പർ ശില്പശാല

28. ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ

29. ജന്മദിന പുസ്തകം

30. ചിത്രരചനാ ക്യാമ്പ്

31. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ 32. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

# ക്ലാസ് - 1

## അക്കാദമിക മാസ്റ്റർപ്ലാൻ

### ഭാഷ

ലക്ഷ്യം :

അടിസ്ഥാന ഭാഷാ ശേഷി വികസനം .

പ്രവർത്തനം :

(1) ഭാഷാ കളരി കുട്ടികളിലൂടെ : പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ .

മെയ് ജൂൺ – ജൂലൈ കാലഘട്ടം .

ചുമതല : SRG , SMC , സ്കൂൾ വികസന സമിതി

(2) അമ്മ പറയട്ടെ

അമ്മമാർ കുട്ടികഥകൾ അവതരിപ്പിക്കുന്നു .
ഓഗസ്റ്റ് , സെപ്തംബർ മാസം .
ചുമതല : ക്ലാസ് ടീച്ചർ , മദർ പി.ടി.എ

### പരിസരപഠനം

ലക്ഷ്യം :

(1) ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്

(2) പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും

പ്രവർത്തനങ്ങൾ :

- ഭക്ഷ്യമേള - പ്രദർശനം
  നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും.
- പുസ്തക പ്രദർശനം - രക്ഷിതാക്കളോടും ചുറ്റുവട്ടത്താകെ.

## ഗണിതം

ലക്ഷ്യം :

കുട്ടികളെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ

പ്രവർത്തനം :

- ഗണിത മാഗസിൻ
- ജ്യാമിതിയ രൂപങ്ങൾ നിർമ്മാണം.
- ഗണിത ക്ലാസ് കളികളിലൂടെ

## ഇംഗ്ലീഷ്

ലക്ഷ്യം :

ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം ഒരുക്കൽ.

പ്രവർത്തനം :

- കാർട്ടൂൺ പ്രദർശനം, സിനിമാ പ്രദർശനം മാസത്തിൽ ഒന്ന്.

## 3 : മലയാളം മധുരം

**പ്രവർത്തന ലക്ഷ്യങ്ങൾ**

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.

സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.

ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

എസ്.ആർ.ജിയിൽ അവലോകനം - മെയ് അവസാനം

സി.പി.ടി.എ.യിൽ അവലോകനം - ജൂൺ ആദ്യവാരം

കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. ജൂലൈ

വായനോത്സവം - ഓരോ മാസവും;കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം - ഓരോ മാസവും

പുസ്തക പ്രകാശനം - ജനുവരി

**ചുമതലകൾ**

ക്ലാസ് ടീച്ചർ

രക്ഷിതാവ്

**സാമ്പത്തികം** PTA , BRC ( RS : 3000 )

## 4 സംയുക്ത ഡയറി

-ലക്ഷ്യപ്രസ്താവനകൾ.

സ്വന്തം അനുഭവങ്ങൾക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

സ്വതന്ത്രരചന നടത്തുന്നതിന്

ഭാഷാ ശേഷി വികസിപ്പിക്കുന്നതിന്

പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ മികച്ച ഡയറിയുടെ അവതരണം. - ജൂൺ ആദ്യവാരം

CPTA യിൽ ഡയറി പരിചയപ്പെടുത്തൽ; രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാം വാരം

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. – ജൂലൈ

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.(അതാത് മാസം)

കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കു വെക്കുന്നു.

( ജൂൺ - മാർച്ച് വരെ )

- സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു.( ജനുവരി)

- സംയുക്ത ഡയറി പ്രകാശനം .( ജനുവരി)

- ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ്.

- സാമ്പത്തികം - CPTA ( RS : 2000 )

## 5 പാട്ടരങ്ങ്

### ലക്ഷ്യപ്രസ്താവനകൾ

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘതയും ആവിഷകരിക്കുകയും ചെയ്യുന്നു.

ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ SRG യിൽ ചർച്ച (ജൂൺ ആദ്യ വാരം )

പാട്ടരങ്ങ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു.

( ആഗസ്റ്റ് )

കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ സെപ്റ്റംബർ മുതൽ എല്ലാമാസവും ബാലസഭയിൽ

ചുമതല -ക്ലാസ് ടീച്ചർ , രക്ഷിതാവ്

സാമ്പത്തികം – **BRC ( RS : 1000 )**

# 6 സചിത്ര പുസ്തകം.

## - ലക്ഷ്യപ്രസ്താവനകൾ -

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠ ഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.

- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.

- കുട്ടിക്ക സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറുന്നു.

- പ്രവർത്തനങ്ങളിൽ പരിസര പഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പു വരുത്തുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. മെയ്

- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ 3 യൂണിറ്റുകൾ

( ജൂൺ )

- ഏകദിന രക്ഷാകർതൃ ശില്പശാല സംഘടിപ്പിക്കുന്നു ( ജൂൺ)- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃയോഗങ്ങൾ, വിലയിരുത്തൽ ( എല്ലാ മാസവും )- ഭാഷോത്സവത്തിൽ സചിത്ര ബുക്കുകൾ അവതരിപ്പിക്കൽ ( മാർച്ച് ) - ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ് - സാമ്പത്തികം CPTA ( RS : 5000 )

# 7 റീഡേഴ്സ് തിയേറ്റർ

- **ലക്ഷ്യപ്രസ്താവനകൾ** -

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

- - പാഠ പുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായ് അവതരിപ്പിക്കുന്നു.

- - ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

- _ പ്രവർത്തന ഘട്ടങ്ങൾ. - - SRG യിൽ ആശയം പങ്കിടൽ (ജൂൺ)

- _CPTA യിൽ ആശയം പങ്കിടൽ പിന്തുണ ഉറപ്പാക്കൽ (ജൂൺ മൂന്നാം വാരം)

- _ ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല ( ജൂലൈ )

- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തിരെഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു ( ജൂലൈ -മാർച്ച് )

- മികച്ചത് ബാലസഭയിൽ ( എല്ലാമാസവും)

- ഭാഷോത്സവത്തിൽ മികച്ചത് അവതരണം (ഫെബ്രുവരി )

- **ചുമതല** -ക്ലാസ് ടീച്ചർ.

- **സാമ്പത്തികം** -BRC RS ( 1000 )

## 11 വായനോത്സവം

### ലക്ഷ്യപ്രസ്താവനകൾ

എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.

കുട്ടികളിൽ വായനാശീലം വളർത്തുന്നു

ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.

വായനാ കുറിപ്പ് തയ്യാറാക്കുന്നു

### പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ അംഗികാരം വാങ്ങുന്നു. (ജൂൺ ആദ്യവാരം)

CPTA യിൽ ചർച്ച ചെയ്യുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു.

(ജൂലൈ ആദ്യവാരം)

ഓരോ മാസവും വായനോത്സവം നടത്തുന്നു.

അമ്മ വായന ജൂലൈ മാർച്ച്)

മാതൃകാ വായന അധ്യാപകർ (ജൂലൈ - മാർച്ച്)

### ചുമതലകൾ

ക്ലാസ് ടീച്ചർ

രക്ഷിതാവ്

### സാമ്പത്തികം

CPTA , BRC (RS : 5000 )

## 13 ഗണിത കേളികൾ

**ലക്ഷ്യപ്രസ്താവനകൾ**

കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാക്കുന്നു

ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു

യുക്തിബോധം വളർത്തുന്നു.

**പ്രവർത്തനങ്ങൾ**

വ്യത്യസ്തമായ LO ക്ക് അനുയോജ്യമായ ഗണിതകളികളിൽ ഏർപ്പെടുന്നു.

കൂട്ടുകാരെ കണ്ടെത്താം.(സങ്കലനം)

ഡൊമിനോ കളികൾ (വ്യവകലനം)

ബോൾ കളി (ഗുണനം)

കാലാവധി - ജൂൺ - മാർച്ച്

**ചുമതലകൾ**

ക്ലാസ് ടീച്ചർ

SRG

**സാമ്പത്തികം**

CPTA ,

SSK ( RS : 2000 )

# 14 ഗണിത കിറ്റ്

## ലക്ഷ്യപ്രസ്താവനകൾ

ELPS മുഖേനെ ഗണിത ശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന്

ഗണിതം ആസ്വാദ്യകരമാക്കുന്നതിന്

## പ്രവർത്തനങ്ങൾ

10ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ, സോഡാ കുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കയ്യിലും ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു.

കാലയളവ് - ജൂൺ - മാർച്ച്

## ചുമതലകൾ

ടീച്ചർ

രക്ഷിതാവ്

## സാമ്പത്തികം

PTA

SSK ( RS : 3000 )

# 15 പരീക്ഷണങ്ങൾ

## ലക്ഷ്യപ്രസ്താവനകൾ

ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു

അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.

വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു

യുക്തിചിന്ത വളർത്തുന്നു

## പ്രവർത്തനങ്ങൾ

പാഠ ഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകൽപന ചെയ്യുകയുംചെയ്യുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

## ചുമതലകൾ

ക്ലാസ് ടീച്ചർ

CPTA

## സാമ്പത്തികം

SSK

PTA

( RS : 5000 )

## 17 പരീക്ഷണക്കിറ്റ്

## ലക്ഷ്യപ്രസ്താവനകൾ

എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ സ്വന്തമായിചെയ്യുന്നതിന്

- വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.

- ശാസ്ത്ര പഠനത്തിൽ ആത്മവിശ്വാസം വളർത്തുക

## പ്രവർത്തനങ്ങൾ

എല്ലാ കുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു.

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായപരീക്ഷണങ്ങൾ പരീക്ഷണ കിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്

## ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

PTA

**സാമ്പത്തികം** : CPTA , SSK

( RS : 2000 )

## ക്ലാസ്സ് തല അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - 4

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| • ആഹ്ലാദപൂർണ്ണമായ വായനാനുഭവങ്ങൾ ഉറപ്പാക്കൽ | പാഠപുസ്തകം, ടീച്ചർടെക്സ്റ്റ് എന്നിവ പരിശോധിച്ച് കുട്ടികൾക്ക് വിവിധ സന്ദർഭങ്ങളിൽ നൽകാവുന്ന പുസ്തകങ്ങൾ പട്ടികപ്പെടുത്തൽ, പുസ്തകങ്ങൾ ലഭ്യമാക്കൽ | മെയ് | സ്കൂൾ ലൈബ്രറി | |
| • വായിച്ച രചനകളെക്കുറിച്ച് പറയാനും എഴുതാനുമുള്ള അവസരം ഒരുക്കൽ | ക്ലാസ്സ് ലൈബ്രറി ഒരുക്കുന്നു.<br>കുട്ടികൾക്ക് പുസ്തകം കൊടുക്കുന്നു.<br>വായിച്ച പുസ്തകത്തിനെ കുറിച്ച് പറയാൻ അവസരം കൊടുക്കുന്നു. | ജൂൺ | ക്ലാസ്സ് പി.ടി എ | |
| • സ്വയം വായിച്ച് കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവു വികസിപ്പിക്കൽ | ക്ലാസ്സിൽ കുട്ടികൾക്ക് വായിച്ച പുസ്തകത്തിനെ കുറിച്ച് പറയാൻ അവസരം കൊടുക്കുന്നു. | ജൂലൈ | | |

| | | | | |
|---|---|---|---|---|
| • വായനാനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അവസരം | അമ്മമാരുടെ വായന, രചനാശില്പശാല<br>പ്രകാശനം | ആഗസ്റ്റ് സെപ്റ്റംബർ<br>ജനുവരി | | ക്ലാസ് പി.ടി.എ<br>ക്ലാസ് പി. ടി. എ |
| • എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറി ഉറപ്പാക്കൽ | എല്ലാകുട്ടികളുടെയും രചനാപരിചയക്കുറിപ്പുകളുടെ പ്രകാശനം | മാർച്ച് | | ക്ലാസ് പി.ടി.എ |
| • സാഹിത്യകാരന്മാരെ പരിചയപ്പെടൽ | ഓർമദിനങ്ങൾ ആചരിക്കൽ<br>ജീവിതരേഖ തയ്യാറാക്കൽ | ആവശ്യാ-നുസരണം | ക്ലാസ് ടീച്ചർ | |
| • പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ അറിയൽ | വിഡിയോ പ്രദർശനം | ആവശ്യാ-നുസരണം | ക്ലാസ് ടീച്ചർ | |
| • നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള<br>പാചക കുറിപ്പ് അടങ്ങിയ പതിപ്പ് നിർമാണം | വർഷത്തിലൊന്ന് | | |

പരിസരപഠനം

| | | | | |
|---|---|---|---|---|
| • നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാ-നുസരണം | ക്ലാസ് ടിച്ചർ | |
| • കേരളം-ഇന്ത്യ ഭൂപടവായന, • സൂചിക പരിചയപ്പെടൽ | ഭൂപടം-വായന<br>ഭൂപടം-രചന<br>സൂചികനിർമാണം | വർഷത്തി ലൊന്ന് | ക്ലാസ് ടിച്ചർ | ക്ലാസ് പി.ടി.എ |
| • ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ<br>ആൽബം തയ്യാറാക്കൽ<br>പരീക്ഷണം നടത്തൽ | ആവശ്യാ-നുസരണം | ക്ലാസ് ടിച്ചർ<br>ക്ലാസ് പി.ടി.എ | ക്ലാസ് പി.ടി.എ |
| • ശാസ്ത്രപഠനത്തിലുടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാഗസിൻ | വർഷത്തി ലൊന്ന് | ക്ലാസ് ടിച്ചർ<br>ക്ലാസ് പി.ടി.എ | ക്ലാസ് പി.ടി.എ |

ഗണിതം

| | | | | |
|---|---|---|---|---|
| • കളികളും നിർമാണപ്രവത്ത- | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>ഗണിതവുമായി ബന്ധപ്പെട്ട കുസൃതി | വർഷം മുഴുവൻ | ക്ലാസ്സ് ടിച്ചർ | |

| | | | | |
|---|---|---|---|---|
| നങ്ങളും ഉൾപ്പെടു ത്തി ഗണിതം ലളിതമാക്കൽ | കണക്കുകൾ പരിചയപ്പെടുത്തൽ | | | |
| • ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം | ദിവസം ഓരോന്ന് വിതം | ക്ലാസ്സ് ടീച്ചർ | |
| • ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതമാഗസിൻ തയ്യാറാക്കൽ | വർഷത്തി ലൊന്ന് | ക്ലാസ് ടീച്ചർ | |
| • ഗണിതപഠനം രസകരമാക്കൽ | കച്ചവടക്കളി<br>ജ്യാമിതീയ ചിത്രനിർമ്മാണം<br>നിർമ്മാണപ്രവർത്തനങ്ങൾ | | | |

ENGLISH

| | | | | |
|---|---|---|---|---|
| • An opportunity to speak English with confidence | English club meeting<br>Role play basis on the TB | Once in a month | Class teacher | |
| • Comprehensive Reading | Class library<br>English magazine reading<br>Reading test | Once in a month | Class teacher | |
| • Creativity skill | Skit, Conversation, story telling | Once in a | Class teacher | |

# പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി ടി എ |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

ക്ലാസ് - 5, 6, 7 സംസ്കൃതം അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1, UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും, പദങ്ങളും ഉറപ്പിക്കൽ | ① ഭാഷാ ജ്ഞാനം<br>* അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷര കാർഡ്<br>* വാക്കുകൾ എഴുതിയ കാർഡ്<br>* അക്ഷരമാലാ പ്രദർശനം<br>* അക്ഷരമാലാ കളികൾ<br>* അക്ഷര മരം നിർമ്മിക്കൽ<br>* കാർട്ടൂൺ പ്രദർശനം<br>* പാട്ട്, കഥ എന്നിവ കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് | അക്ഷര ചാർട്ട് പാഠപുസ്തകം<br>ICT | P.T.A<br>റിസോഴ്സ് അധ്യാപിക |
| | ② പറയാം പഠിക്കാം<br>* ചിത്രങ്ങൾ നോക്കി പേര് പറയൽ | | | |

| | | | | |
|---|---|---|---|---|
| | * ചിത്രകഥകൾ<br>* ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ, ജൂലൈ | സംസ്കൃത കഥാപുസ്തകം<br>ICT | റിസോഴ്സ് അധ്യാപിക |
| 2, വീട് ഒരു പരീക്ഷണശാല<br>കാണുന്നതും, കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പറയുക. | *വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>*ICT സഹായത്തിലൂടെ വസ്തുക്കളും, വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ ഒക്ടോബർ | സംസ്കൃത നിഘണ്ടു | |
| 3, വായനാലോകം<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | * സംസ്കൃത ലൈബ്രറി തയ്യാറാക്കുക<br>* വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br>* കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അനുമോദിക്കുക. | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| 4, കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠനനേട്ടങ്ങൾ | * ഇൻപുട്ട് രൂപീകരണം<br>* പഠനോപകരണ നിർമ്മാണം<br>* കലണ്ടർ നിർമ്മാണം<br>* ഗൃഹ സന്ദർശനം<br>* പഠന യാത്ര | ജൂൺ- മാർച്ച് | ചാർട്ട് ചിത്രം | റിസോഴ്സ് അധ്യാപിക |
| 5, മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | * എല്ലാമാസവും ക്വിസ് മത്സരം നടത്തുന്നു.<br>* മാതൃകാ ചോദ്യ പേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ – മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 6, ആസ്വാദനലോകം ഓരോകുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സർഗ്ഗാത്മക നിർമ്മാണം ചെയ്യാനും വേണ്ടി. | * നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>* കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ<br>* മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദന സദസ്സ് ചേരുന്നു ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സദസ്സിൽ ആസ്വാദകൻ ആകണം | | | |
| 7, പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കുള്ള പ്രവർത്തനങ്ങൾ | * പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>* പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>* ഗൃഹ സന്ദർശനം നടത്തുന്നു. | ജൂൺ-മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 8, ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് | * പെയിന്റിംഗ്<br>* ലൈബ്രറി ഒരുക്കുന്നു.<br>* സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# അറബിക് - L.P , UP

ലക്ഷ്യങ്ങൾ :- 1) അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തുരീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2) ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം

3) ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു.

4) കഥ കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

5) മാഗസിൻ നിർമ്മാണം

6) ദിനാചരണങ്ങൾ പരിചയപ്പെടുന്നു.

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ ക്ലാസ്സിൽ പരിപാടി | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാംശങ്ങൾ | ഓരോ ഘട്ടത്തിലെയും പ്രതിഫലനങ്ങൾ | പൊതുസമൂഹത്തിന്റെ മുന്നിൽ പങ്കിടുന്ന രീതി | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1) അക്ഷര വായന<br>* എഴുത്തുരീതി<br>* ചിഹ്നങ്ങൾ ചേർത്തുള്ള വായന | 1) അക്ഷര കാർഡുകൾ നൽകുന്നു<br>2) അക്ഷരങ്ങൾക്ക് നിറം നൽകൽ<br>3) ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4) അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5) ICT ഉപയോഗിക്കുന്നു. | 1) ഒരു ദിവസത്തിൽ [illegible] കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു.<br>2) അധ്യാപികയുടെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു.<br>3) അക്ഷരമാല സഹായി ഉപയോഗിക്കുന്നു.<br>4) വീട്ടിൽ അക്ഷര ചാർട്ട് | 1) കുട്ടികൾ വായിക്കുന്നു ഉച്ചാരണ ശുദ്ധി ഉണ്ടാകുന്നു.<br>2) ചിഹ്നങ്ങൾ തിരിച്ചറിയുന്നു. | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ ഉതകുന്ന പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മമായ രൂപം | ഓരോ ഘട്ടത്തിലെയും പ്രവർത്തനത്തിന്റെ ചുമതല ഏറ്റെടുക്കുന്നവർ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|
| പാഠനിർമ്മാണ പാഠശേഖരണം | 1) അദ്ധ്യാപകർക്ക് നൽകി പാഠങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുക.<br>2) പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പാഠങ്ങൾ ശേഖരിക്കാൻ അവസരം നൽകുക | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുക<br>※ ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകുക | CPTA | ഓഗസ്റ്റ് സെപ്തംബർ ഒക്ടോബർ |
| | 3) പാഠനിർമ്മാണ മത്സരങ്ങൾ നടത്തുക.<br>പാഠപുസ്തകത്തിലെ ഉപവാക്യങ്ങൾ<br>※ നിത്യജീവിത സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുക. | ※ വീടുകളിലും സന്ദർഭത്തിനനുസരിച്ച് പറഞ്ഞുപഠിപ്പിക്കുക | CPTA | ഓഗസ്റ്റ് സെപ്തംബർ ഒക്ടോബർ നവംബർ |

| | | | | | |
|---|---|---|---|---|---|
| 11. കവിത കേട്ട് ആസ്വദിക്കു<br><br>മാഗസിൻ നിർമ്മാണം.<br><br>ദിനാചരണങ്ങൾ പരിചയപ്പെടൽ | ചെറിയ കവിതകൾ<br>കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാര വാക്കുകൾ പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്ന ചിത്രങ്ങൾ വർണ്ണം<br>* ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അതാത് ദിവസത്തെ പ്രത്യേകതകൾ നിറഞ്ഞ ചെറിയ വിവരങ്ങൾ നൽകുന്നു | ചെറിയ കഥാകവിതകൾ പുസ്തകങ്ങൾ വീട്ടിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>* ഇതിൽ പാട്ടുകൾ ഉൾപ്പെടുത്തി ഒരു ക്ലാസ്സ്തല മത്സരം നടത്തുന്നു.<br>* രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായിക്കുന്നു. | ചിത്രങ്ങൾ അടങ്ങിയ പാട്ടുകൾ ഉപചാര വാക്കുകൾ കഥ, കവിത ശേഖരിച്ചത് ഉപയോഗിച്ച് പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ - മാർച്ച്<br><br>ജൂൺ - മാർ |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിടിന്ന അറകളൊക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

UP ENGLISH

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

UP ENGLISH

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

UP MATHS

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

മേഖല : അക്കാദമികം   ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് | ജൂൺ രണ്ടാം വാരം | 5,6,7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | | | | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 4 | CWSN,SLOW LEARNERSകുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5,6,7 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5,6,7 | ഹിന്ദി അധ്യാപ | |

| | | | | | |
|---|---|---|---|---|---|
| | | | | കർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതി ദിനം | 5,6 ,7 | ഹിന്ദി അധ്യാപ കർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5,6 ,7 | ഹിന്ദി അധ്യാപ കർ , ക്ലാസ്സ് അധ്യാപ കർ, മറ്റു അധ്യാപ കർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 5,6 ,7 | ഹിന്ദി അധ്യാപ കർ , ക്ലാസ്സ് അധ്യാപ കർ, മറ്റു അധ്യാപ കർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പഠിതാക്കൾ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീകരമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip** ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |